**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4716** **02-07-2024 - ല്‍ മറുപടിയ്ക്ക്**

**സേവനങ്ങളുടെ ഫീസ് നിരക്ക് വര്‍ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോണ്‍ | | ശ്രീ. റോഷി അഗസ്റ്റിന്‍<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടര്‍ അതോറിറ്റി വഴി ജനങ്ങള്‍ക്ക് നല്‍കുന്ന സേവനങ്ങളുടെ ഫീസ് നിരക്ക് വര്‍ദ്ധിപ്പിക്കുവാന്‍ തീരുമാനിച്ചിട്ടുണ്ടോ; എങ്കില്‍ ഏതൊക്കെ സേവനങ്ങളുടെ ഫീസ് നിരക്കാണ് വര്‍ദ്ധിപ്പിക്കുന്നത്; എത്ര തോതിലാണ് വര്‍ദ്ധിപ്പിക്കുന്നത്; അതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | 1991 -ലെ വാട്ടര്‍ സപ്ലൈ റെഗുലേഷനിലെ G O Ms No. 318/91/LAD തീയതി 04/12/1991 പ്രകാരം നടപ്പിലാക്കിയ സേവന നിരക്കുകളാണ് നിലവിലുള്ളത്. വിവിധ സേവനങ്ങള്‍ക്കായി കേവലം രണ്ട് രൂപ മുതല്‍ക്കുള്ള നിരക്കുകളാണ് കഴിഞ്ഞ മുപ്പത്തിമൂന്ന് വര്‍ഷമായി ഈടാക്കി വരുന്നത്. സേവന നിരക്കുകള്‍ കാലാനുസൃതമായി വര്‍ദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം കേരള വാട്ടര്‍ അതോറിറ്റിയുടെ ബോര്‍ഡ് അംഗീകരിച്ചിട്ടുണ്ട്. കേരള വാട്ടര്‍ അതോറിറ്റിയില്‍ നിന്നും പ്രസ്തുത ശുപാര്‍ശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനകള്‍ക്ക് ശേഷം സര്‍ക്കാര്‍ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | വാട്ടര്‍ ചാര്‍ജ് മൂന്നിരട്ടിയായി വര്‍ധിപ്പിച്ചത് മൂലം ജനങ്ങള്‍ അധികഭാരം അനുഭവിക്കുന്ന നിലവിലെ സാഹചര്യത്തില്‍ സാധാരണ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന മേല്‍പ്പറഞ്ഞ തീരുമാനത്തില്‍ നിന്ന് സര്‍ക്കാര്‍ പിന്‍മാറുമോ; വ്യക്തമാക്കുമോ? | (ബി) | 1000 ലിറ്റര്‍ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് വാട്ടര്‍ അതോറിറ്റിക്ക് 22.85 രൂപയായിരുന്നു ചെലവ്. എന്നാല്‍ ശരാശരി 10.93 രൂപ മാത്രമായിരുന്നു ഒരു കിലോ ലിറ്റര്‍ ജലത്തില്‍ നിന്നും വരുമാനമായി ലഭിച്ചിരുന്നത്. അതായത് ഒരു കിലോ ലിറ്റര്‍ ജലം വിതരണം ചെയ്യുമ്പോള്‍ വാട്ടര്‍ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വരുന്നുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് വാട്ടര്‍ ചാര്‍ജ് വര്‍ദ്ധിപ്പിക്കണമെന്ന പ്രൊപ്പോസല്‍ സര്‍ക്കാരിലേയ്ക്ക് സമര്‍പ്പിച്ചത്. 2023-24 സാമ്പത്തിക വര്‍ഷത്തെ വരവ് ചെലവ് കണക്കു (പ്രൊവിഷണല്‍) പ്രകാരം 1000 ലിറ്റര്‍ കുടിവെള്ളത്തിന്റെ ഉല്പാദനച്ചെലവ് 24.82 രൂപയായി വര്‍ദ്ധിച്ചു.<br><br>ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാള്‍ വളരെ കുറഞ്ഞ നിരക്കില്‍ ജനങ്ങള്‍ക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടര്‍ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവര്‍ഷം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. |

| | | | | |
|---|---|---|---|---|
| | | | | വർഷാവർഷം വർദ്ധിച്ചു വരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റ പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടാകുന്നില്ലായിരുന്നു. ഇത് മൂലം വാട്ടർ അതോറിറ്റിക്ക് 2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ (എ.ജി ക്ക് ഓഡിറ്റിന് നൽകിയത്) പ്രകാരം 6223.76 കോടി രൂപയായിരുന്നു സഞ്ചിത നഷ്ടം. രാസവസ്തുക്കൾ, അറ്റകുറ്റപ്പണികൾക്കുള്ള ഉപകരണങ്ങൾ, കൂലി തുടങ്ങിയവയുടെ വില വർദ്ധിച്ചു. കൂടാതെ സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷനും മെയിന്റനൻസും ചെലവുകളും ഗണ്യമായി വർദ്ധിച്ചു വന്ന സാഹചര്യം നിലനിൽക്കുന്നു. ജലവിതരണ, മലിനജല മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമായിരുന്നത് കൊണ്ട് തന്നെ ഇതിനുള്ള തുക കണ്ടെത്തേണ്ടതുണ്ടായിരുന്നു. ഉല്പാദന ച്ചെലവിനോടടുത്തെങ്കിലും വാട്ടർ ചാർജ്ജ് നിരക്ക് എത്തേണ്ടതുണ്ടായിരുന്നു. ഈ ഘടകങ്ങളെല്ലാം പരിശോധിച്ചാണ് വാട്ടർ ചാർജ്ജ് നിരക്ക് ഒരു ലിറ്ററിന് ഒരു പൈസ വീതം വർദ്ധിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ